ടെക്നോപാർക്ക് പദ്ധതി

322 (662) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ അമേരിക്കയിലെ ടോറസ് ഇൻവെസ്റ്റ്മെൻറ്സ് ഹോൾഡിംഗ്സ് എന്ന സ്ഥാപനം ആരംഭിക്കുന്ന പദ്ധതിക്ക് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ബി) ടെക്നോപാർക്കിലെ എത്ര ഏക്കർ സ്ഥലം, എത്ര വില നിശ്ചയിച്ചു കൊണ്ടാണ്, എത്ര കാലത്തേയ്ക്ക് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഐ.ടി.,ഐ.ടി. ഇതര സംവിധാനങ്ങൾക്കായി എത്ര വർഷത്തിനുള്ളിൽ സ്ഥലം വിനിയോഗിച്ചിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് ; കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ലഭിക്കുന്നതെന്നും ഏത് തീയതിക്കകം നിക്ഷേപിക്കുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും വിശദമാക്കാമോ ?

(ഇ) ഫിനാൽഷ്യൽ ബിഡ്ഡിൽ ടോറസ് ഉൾപ്പെടെ എത്ര കമ്പനികൾ പങ്കെടുത്തിരുന്നുവെന്നും, മത്സരാധിഷ്ഠിത ടെണ്ടർ ഇല്ലാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യണമെന്ന നിർദ്ദേശം സർക്കാർ അവഗണിച്ചതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(എഫ്) ടെണ്ടർ ഇവാല്യുവേറ്റ് ചെയ്ത കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ഇതിനായി ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംങ്ങ്സ് എൽ.എൽ.സി, ബോസ്റ്റൺ എന്ന കമ്പനിയുമായി ഒരു ലെറ്റർ ഓഫ് ഇൻഡന്റ് ടെക്നോപാർക്ക് നൽകിയിട്ടുണ്ട്.

(ബി) SEZ (പ്രത്യേക സാമ്പത്തിക മേഖല) ഭൂമിയിൽ നിന്നും ഏക്കറൊന്നിന് 3.10 കോടി രൂപ + സേവന നികുതി എന്ന നിരക്കിൽ ഐ.ടി. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 10 ഏക്കർ ഭൂമിയും Non SEZ മേഖലയിൽ നിന്നും ഏക്കറൊന്നിന് 5 കോടി രൂപ + സേവന നികുതി എന്ന നിരക്കിൽ ലോകോത്തര നിലവാരമുള്ള വിവിധോദ്ദേശ്യ വാണിജ്യ സമുച്ചയ പദ്ധതിക്കായി 9.73 ഏക്കർ ഭൂമിയും 90 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്തിമ കരാർ ആയിട്ടില്ല. കരാർ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

(ഡി) ഏകദേശം 1200 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ടോറസ്സുമായുള്ള അന്തിമകരാർ ഒപ്പുവെച്ചു കഴിഞ്ഞതിനുശേഷം മാത്രമേ ഇത് സംബന്ധിച്ചുള്ള തീയതികൾ ലഭ്യമാകുകയുള്ളൂ.

(ഇ) 'സ്വിസ് ചലഞ്ച്' മാതൃക അനുസരിച്ച് ചലഞ്ച് ചെയ്യാൻ മറ്റ് കമ്പനികൾ ഇല്ലെങ്കിൽ ആദ്യം നിർദ്ദേശം സമർപ്പിച്ച കമ്പനിക്കുതന്നെ നൽകണമെന്നാണ് വ്യവസ്ഥ. ആദ്യം നിശ്ചയിച്ച തീയതിക്കുള്ളിൽ ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് സമർപ്പിച്ച പദ്ധതി നിർദ്ദേശത്തിന് ചലഞ്ച് ലഭിക്കാത്തതിനാൽ അവസാന തീയതി നീട്ടി നൽകുകയുണ്ടായി. എന്നിട്ടും ആരിൽനിന്നും ചലഞ്ച് ലഭിക്കാത്തതിനാൽ ഐ.ടി./ഐ.ടി. അനുബന്ധ ആവശ്യത്തിനുള്ള ഭൂമി നിലവിലുള്ള അലോട്ട്മെന്റ് വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കുള്ള ഭൂമി ആഗോള ടെൻഡർ ക്ഷണിച്ചു നൽകുന്നതിനും ടെക്നോപാർക്കിന് സർക്കാർ നിർദ്ദേശം നൽകി.

ഈ അവസരത്തിൽ വാണിജ്യാവശ്യത്തിനുള്ള ഭൂമിയുടെ പാട്ടനിരക്ക് പരസ്പരം ധാരണയിലൂടെ ചർച്ച ചെയ്തു വർദ്ധിപ്പിക്കാമെന്ന് ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംഗ് അധികൃതർ ടെക്നോപാർക്കിനെ അറിയിക്കുകയുണ്ടായി. ടെക്നോപാർക്കിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡ് ഈ കാര്യം പരിശോധിക്കുകയും ടെക്നോപാർക്കിന്റെ സമഗ്രവികസനത്തിന് ഈ പദ്ധതി അനിവാര്യമെന്ന് വിലയിരുത്തുകയും ചെയ്തു. ഐ.ടി. ആവശ്യത്തിനുള്ള ഭൂമിയും വാണിജ്യാവശ്യത്തിനുള്ള സ്ഥലവും വെവ്വേറെ അനുവദിക്കുന്നതുകൊണ്ട് വിവിധ നിർദ്ദേശങ്ങൾ ലഭിക്കാൻ സാധ്യതയില്ലെന്നും ഇത് ഒരുമിച്ച് നടപ്പിലാക്കുന്നതുവഴി മാത്രമേ ഇതിന് വാണിജ്യ സാധ്യതകളുള്ളുവെന്നും ബോർഡ് വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ടി. ആവശ്യത്തിനുള്ള 10 ഏക്കർ ഭൂമി നിലവിലുള്ള സ്ഥലകൈമാറ്റ വ്യവസ്ഥകൾപ്രകാരം അലോട്ട് ചെയ്യുന്നതിനും, വാണിജ്യ ആവശ്യത്തിനുള്ള 9.73 ഏക്കർ ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുകയിൽ വർദ്ധനവ് വരുത്തുന്നതിന് ടോറസ്സുമായി ടെക്നോപാർക്ക് നെഗോഷ്യയേഷൻ നടത്തുവാനും തീരുമാനമെടുത്തു. ഇതനുസരിച്ച് വാണിജ്യാവശ്യത്തിനുള്ള ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുക ഏക്കറിന് 5 കോടി രൂപയായി ഉയർത്തുന്നതിന് ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് സമ്മതിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും പ്രോജക്ട് സംബന്ധിച്ച തീരുമാനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡും ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുക സംബന്ധിക്കുന്ന തീരുമാനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ ശുപാർശയിന്മേൽ സർക്കാർ അനുമതി നൽകുകയുമാണ് ചെയ്യുന്നത്. ഇതനുസരിച്ച് വാണിജ്യാവശ്യത്തിന് ടോറസിന് നൽകുന്ന ഭൂമിയുടെ ഒറ്റത്തവണ പാട്ടതുക ഏക്കറൊന്നിന് 5 കോടി രൂപയായി നിശ്ചയിക്കുന്നതിനുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ ശുപാർശ അംഗീകരിച്ചു. അന്തിമകരാർ ഇതുവരെ ഒപ്പുവെച്ചിട്ടില്ല.

(എഫ്) അനുബന്ധമായി ചേർക്കുന്നു.*

കൊച്ചി സ്മാർട്ട് സിറ്റിയ്ക്ക് നൽകിയ ഭൂമി

323 (663) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സ്മാർട്ട് സിറ്റിക്ക് സർക്കാർ നൽകിയ ഭൂമി എന്തെങ്കിലും ഭാഗം മറ്റേതെങ്കിലും ആവശ്യത്തിലേക്ക് ടീകോം മറിച്ച് വിൽക്കുകയോ ലീസിനു നൽകുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സ്മാർട്ട് സിറ്റിക്കു സർക്കാർ അനുവദിച്ച ഭൂമിയിൽ മറ്റേതെങ്കിലും പദ്ധതിക്ക് ടീകോം ഭൂമി മറിച്ച് നൽയിട്ടിട്ടുണ്ടോ ; ആരുടെയെല്ലാം, ഏതെല്ലാം നിലയിലുള്ള പദ്ധതികൾക്കാണ് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സ്മാർട്ട്സിറ്റി കമ്പനിക്കോ, ടികോമിനോ, അപേക്ഷ ലഭിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) നിലവിലുള്ള ഐ.ടി. കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി വന്ന മൊത്തം സ്ഥലം എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ഫ്രെയിംവർക്ക് എഗ്രിമെന്റിലേയും പാട്ടക്കരാറിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഐ.ടി./ഐ.ടി. അനുബന്ധ നിക്ഷേപങ്ങൾക്കായി ബാംഗ്ലൂരിലെ കേളചന്ദ്ര ഗ്രൂപ്പിന് 18 ഏക്കറും മാറാട്ട ലിമിറ്റഡിന് മൂന്ന് ഏക്കറും, ഡിജിറ്റൽ ഡിസൈൻസ് ക്ലസ്റ്റനിന് 5 ഏക്കറും ഹോളിഡേ ഗ്രൂപ്പിന് 5 ഏക്കറും ഭൂമി അലോട്ട ചെയ്തിട്ടുണ്ട്. കൂടാതെ GEMS International Schools-ന് 8 ഏക്കറും, ബ്രിഗേഡ് ഗ്രൂപ്പിന് 5 ഏക്കറും ഭൂമി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(സി) സ്മാർട്ട്സിറ്റി നിർമ്മിക്കുന്ന ആദ്യ ഐ.ടി. കെട്ടിടത്തിന് 10.8 ഏക്കർ സ്ഥലം വേണ്ടിവന്നു.

LIBRARY ARCHIVES Kerala Legislative Assembly